പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2334 08.07.2015-ൽ മറുപടിക്ക്

ഒഴൂർ ജലനിധി പദ്ധതി

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ ജലനിധി പദ്ധതി പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;<br><br>ബി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഒഴൂർ പഞ്ചായത്തും, സമീപമുള്ള തെന്നല, പെരുമണ്ണക്ലാരി എന്നീ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി ക്കൊണ്ട് ജലനിധി നടപ്പാക്കി വരുന്ന ഈ പദ്ധതി യുടെ പൊതുഘടകങ്ങളുടെ പ്രവൃത്തികൾ വാട്ടർ അതോറിറ്റിയും പഞ്ചായത്തിനുള്ളിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി കൾ ജലനിധിയുമാണ് നടപ്പാക്കുന്നത്. ഈ പദ്ധതിക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി രണ്ട് ടാങ്കുകളുടെ നിർമ്മാണ പ്രവൃത്തിയുടെയും കിണറിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെയും ടെന്റർ നടപടികൾ പൂർത്തിയാക്കുകയും ജലശുദ്ധീകരണ പ്ലാന്റ്, ഉപരിതല ടാങ്കുകൾ, പ്രധാന വിതരണ ലൈനുകൾ എന്നിവയുടെ നിർമ്മാണത്തിനായുള്ള ടെന്റർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. വിതരണ ശൃംഖലയുടെ പ്രവൃത്തികൾ രണ്ട് പാക്കേജുകളിലേക്ക് ജലനിധി ടെണ്ടർ വിളിയ്ക്കുകയും തെരഞ്ഞെടുത്ത കരാറുകാരുമായി കരാർ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതിനായി എത്ര തുകയാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പൊതുഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 33.15 കോടി രൂപയും, ഒഴൂർ പഞ്ചായത്തിൽ ജലനിധി നടപ്പാക്കുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തികൾക്ക് 9.70 കോടി രൂപയുമാണ് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| ഡി) | തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകാമോ? | ഡി) | തടയണയ്ക്ക് പകരം ഇറിഗേഷൻ വകുപ്പിന്റെ ശുപാർശ അനുസരിച്ച് കടലുണ്ടിപ്പുഴയിൽ റെഗുലേറ്റർ നിർമ്മിക്കാൻ ആണ് തീരുമാനിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഭരണാനുമതിയും ടെന്റർ നടപടികളും ജലനിധി മുഖേനയും പദ്ധതിയുടെ സാങ്കേതികാനുമതി പ്രവർത്തനങ്ങൾക്കുവേണ്ട സാങ്കേതിക സഹായം, മേൽ നോട്ടം എന്നിവ ഇറിഗേഷൻ വകുപ്പ് മുഖേനയുമാണ് ചെയ്യുന്നത്. ഇതിനായി ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ്, ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (ഡി.എസ്.ആർ.) 2014 അനുസരിച്ച് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ